BISHOP MOORE COLLEGE LIBRARY
MAVELIKARA
PIN: 690110
KERALA

(Pages : 3) **M – 4658**

Reg. No. : ..............................

Name : ..................................

**Fourth Semester B.A. Degree Examination, February 2022**

**First Degree Programme under CBCSS**

**Malayalam : Language, Culture and Literature**

**Core Course IV**

**ML 1441 : മലയാളകവിത പൂർവ്വഘട്ടം**

**(2018 Admission)**

**(Special Examination)**

Time : 3 Hours

Max. Marks : 80

I. **ഒരു** വാക്കിലോ പരമാവധി **രണ്ടു** വാക്യത്തിലോ ഉത്തരമെഴുതുക.

1. 'ആതിതേവനിലമഴ്ന്ത മനകാമ്പുടയ ചീരാമനൻ പിനൊടിയമ്പിന തമിഴ്ക്കവി വല്ലാർ' ഏത് കൃതിയിലെ വരികൾ?

2. എതുക എന്നാലെന്ത്?

3. രാമകഥപ്പാട്ട് രചിച്ചതാര്?

4. ചോകിരം ഗ്രാമത്തിലെ പൊയിലത്തെ വർണ്ണിക്കുന്നത് ഏത് കൃതിയിൽ?

5. ഉണ്ണുനീലിസന്ദേശത്തിലെ നായകൻ സന്ദേശം കൊടുത്തയയ്ക്കാൻ കണ്ടെത്തുന്നതാരെ?

6. ഭാഷാനൈഷധം ചമ്പുവിന്റെ കർത്താവ്?

7. "ഭീമനല്ല പൊടിയായത് ഭൂപതേ" ഏത് കഥാപാത്രത്തിന്റെ വാക്കുകൾ?

P.T.O.

8. നളചരിതത്തിന് ഏ.ആർ. രാജരാജവർമ്മ രചിച്ച വ്യാഖ്യാനത്തിന്റെ പേരെന്ത്?

9. 'പുഷ്ക്കര നീ പഴുതേ ജൻമം നിഷ്ഫലമാക്കരുതേ' ഏതു കഥാപാത്രത്തിന്റെ വാക്കുകൾ?

10. ഉള്ളൂർ രചിച്ച മഹാകാവ്യം.

**(10 × 1 = 10 Marks)**

II. ഒരു ഖണ്ഡികയിൽ കവിയാതെ ഏതെങ്കിലും **എട്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

11. പാട്ട് എന്ന സാഹിത്യരൂപത്തെ പരിചയപ്പെടുത്തുക.

12. തുള്ളൽ പ്രസ്ഥാനത്തിന്റെ സവിശേഷതകൾ എന്തെല്ലാം?

13. കണ്ണശ്ശന്മാർ എന്നറിയപ്പെടുന്ന കവികൾ ആരൊക്കെ?

14. 'ഊഴിയിൽ ചെറിയവർക്കറിയാമാറുരചെയ്യേൻ' - ഈ വരികളുടെ സൂചിതമെന്ത്?

15. കോട്ടയത്തു തമ്പുരാൻ രചിച്ച ആട്ടക്കഥകൾ ഏതെല്ലാം?

16. "നാളീക നയനനെന്തു തോന്നുമോ ഇന്ന് നമ്മോട്
നാളീകം കരിമ്പന മേലെയ്യ പോലെയോ" സന്ദർഭമെന്ത്?

17. 'കൈരളിമഹിള തൻ മാംഗല്യമാണോർക്കണം' - സൂചിപ്പിക്കുന്നതെന്ത്?

18. പട്ടുകിടക്കമേലെ കിടക്കുന്ന നീ പട്ടുകിടക്കുമാറായിതോ ചോരയിൽ - സന്ദർഭമേത്?

19. പച്ച മലയാള പ്രസ്ഥാനത്തിന്റെ പ്രത്യേകതയെന്ത്?

20. ഉണ്ണിക്കൃഷ്ണൻ മനസ്സിൽ കളിക്കുമ്പോൾ
ഉണ്ണികൾ മറ്റു വേണമോ മക്കളായ്? ഈ വരികളുടെ സവിശേഷതകയെന്ത്?

21. ഉമാകേരളത്തിൽ സഹ്യപർവ്വതത്തെ വിശേഷിപ്പിക്കുന്നതെങ്ങനെ?

22. 'ഊണിന്നാസ്ഥ കുറഞ്ഞു നിദ്ര നിശയിങ്കൽ പോലുമില്ലാതെയായ്' - കഥാസന്ദർഭമേത്?

**(8 × 2 = 16 Marks)**

III. ഓരോന്നിനും **ഒന്നരപ്പുറത്തിൽ** കവിയാതെ ഏതെങ്കിലും **ആറ്** ചോദ്യത്തിന് ഉത്തരമെഴുതുക.

23. രാമചരിതഭാഷയുടെ സവിശേഷതകൾ എന്തെല്ലാം?

24. കാളം പോലെ കുസുമ ധനുഷോ ഹന്ത പൂങ്കോഴി കൂകി

ചോളം പോലെ ചിതറി വിളറീ താരകാണാം നികായം

നാളം പോലെ പുലരി വനിതയ്ക്കാഗതൗ ചന്ദ്ര സൂര്യൗ

നാളം പോലെ നളിന കുഹരാദുദ്ഗതാ ഭൃംഗ രാജി - സന്ദർഭവും സ്വാരസ്യവും വിശദമാക്കുക.

25. വിദുരർ ധൃതരാഷ്ട്രർക്ക് നൽകുന്ന ഉപദേശമെന്ത്?

26. നളചരിതത്തിലെ കലി എന്ന കഥാപാത്രത്തിന്റെ പ്രത്യേകതകൾ എന്തെല്ലാം?

27. ദുര്യോധനൻ നേരിടേണ്ടിവന്ന അപമാനത്തെ സഭാപ്രവേശത്തിൽ കവി വിവരിക്കുന്നതെങ്ങനെ?

28. ഒരു ദാർശനിക രചനയെന്ന നിലയിൽ ജ്ഞാനപ്പാനയെ വിലയിരുത്തുക.

29. കുചേലന്റെ മാനസികാവസ്ഥകൾ രാമപുരത്തു വാര്യർ ചിത്രീകരിക്കുന്നതെങ്ങനെ?

30. മഹാകാവ്യ പ്രസ്ഥാനത്തിന്റെ സവിശേഷതകൾ എന്തെല്ലാം?

31. നളചരിതത്തിലെ കഥാപാത്ര ചിത്രീകരണത്തിന്റെ സവിശേഷതകൾ രണ്ടാംദിവസത്തെ ആധാരമാക്കി വിവരിക്കുക.

**(6 × 4 = 24 Marks)**

IV. **മൂന്നു** പുറത്തിൽ കവിയാതെ ഏതെങ്കിലും **രണ്ട്** ചോദ്യത്തിന് ഉത്തരമെഴുതുക.

32. ഭാഷാപഠനമേഖലയിൽ നാടൻപാട്ടുകളുടെ പഠനത്തിന്റെ പ്രാധാന്യമെന്തെന്ന് വിവരിക്കുക.

33. മണിപ്രവാളപ്രസ്ഥാനത്തിലെ പ്രധാന കൃതികളെക്കുറിച്ച് ഉപന്യസിക്കുക.

34. മഹാഭാരതം സ്ത്രീപർവ്വത്തെ ആധാരമാക്കി എഴുത്തച്ഛന്റെ കാവ്യശൈലിയുടെ പ്രത്യേകതകൾ വിശദീകരിക്കുക.

35. പുരാണകഥകളുടെ ആഖ്യാനത്തിൽ കുഞ്ചൻ നമ്പ്യാർ സ്വീകരിക്കുന്ന തനതായ രീതികളെക്കുറിച്ച് ഉപന്യസിക്കുക.

**(2 × 15 = 30 Marks)**

---